മുല്ലപ്പെരിയാർ മേൽനോട്ട സമിതി

198 (890) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരുപ്പെരിയാർ മേൽനോട്ടസമിതി നിയോഗിച്ച ഉപസമിതി അംഗങ്ങൾ ആരൊക്കെയെന്നും ഇവർ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്നും വ്യക്തമാക്കുമോ ;

(ബി) സുപ്രീംകോടതി വിധിക്കുശേഷം എത്ര തവണയാണ് പ്രസ്തുത സമിതി അണക്കെട്ടിൽ പരിശോധന നടത്തിയിട്ടുള്ളതെന്നും ഇതിൽ കേരളത്തെ പ്രതിനിധീകരിച്ച് ആരൊക്കെ പങ്കെടുത്തുവെന്നും വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാർ ഉപസമിതി പ്രവർത്തനം സംസ്ഥാനത്തിന് തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) അണക്കെട്ട് സന്ദർശനത്തിനെത്തുന്നവർ വനംവകുപ്പ് രജിസ്റ്ററിൽ ഒപ്പിടണമെന്ന നിബന്ധന ഇപ്പോഴുണ്ടോ ; സന്ദർശനത്തിനെത്തുന്നവർ ഇത് പാലിക്കാറുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉപസമിതി അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. ഉമ്പർജി ഹരീഷ് ഗിരീഷ്, സബ് കമ്മിറ്റി ചെയർമാൻ, Executive Engineer, South Western Rivers Division, Central Water Commission.
2. Er. ആർ. മാധവൻ, തമിഴ്നാട് പ്രതിനിധി, Executive Engineer, PWD, Water Resources Department, Periyar Dam Special Division Cumbum, Tamil Nadu.
3. Er. K. Soundaram, തമിഴ്നാട് പ്രതിനിധി, Assistant Executive Engineer, PWD, Water Resources Organization, Periyar Dam Special Sub Division, Periyar Dam.

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. ജോർജ്ജ് ഡാനിയൽ, കേരള പ്രതിനിധി, Executive Engineer, MI Division, Idukki, Kattappana.

5. ശ്രീ. പ്രസീദ്. എൻ. എസ്സ്., കേരള പ്രതിനിധി, Assistant Engineer, Mullaperiyar New dam Investigation Section 1, Kumily.

ഉപസമിതിയിൽ കേന്ദ്രജലകമ്മീഷനെ പ്രതിനിധീകരിച്ച് ചെയർമാനും, കേരളത്തിൽനിന്നും തമിഴ്നാട്ടിൽ നിന്നുമുള്ള രണ്ടുവീതം അംഗങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഉപസമിതി അംഗങ്ങളിൽ ചെയർമാൻ മഹാരാഷ്ട്ര സംസ്ഥാനത്തുനിന്നുള്ളയാളും കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികൾ അതാത് സംസ്ഥാനത്തുനിന്നുള്ളവരുമാണ്.

(ബി) 1-9-2014, 5-9-2014, 11-9-2014, 13-10-2014, 30-10-2014, 18-11-2014, 16-12-2014, 7-2-2015 എന്നീ തീയതികളിലാണ് ഉപസമിതി യോഗം കൂടിയത്. 5-9-2014-ലെ യോഗത്തിൽ യോഗം സംബന്ധിച്ച വിവരം ലഭിക്കാത്തത് കാരണം കേരളത്തിന്റെ പ്രതിനിധികൾക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. 16-12-2014-നുള്ള യോഗത്തിൽ കേരളത്തിന്റെ പ്രതിനിധികൾ ഡാമിൽ കാത്തുനിന്നുവെങ്കിലും മറ്റംഗങ്ങൾ എത്തിയില്ല. (കേരള വനംവകുപ്പ് ഡാമിലേക്കു പോകുമ്പോൾ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തണം എന്നാവശ്യപ്പെടുകയും തമിഴ്നാട് അംഗങ്ങൾ അതിനോട് വിസമ്മതിക്കുകയും ചെയ്തു). കൂടാതെ 25-11-2014-ന് സമിതി അംഗങ്ങൾ ശ്രീ. സുനിൽ ജയിൻ (CWC)-യുടെ സാന്നിധ്യത്തിൽ പരിശോധന നടത്തിയിരുന്നു. മുൻകൂർ അറിയിപ്പ് ലഭിച്ചിട്ടുള്ള യോഗങ്ങളിലെല്ലാം കേരളത്തിന്റെ പ്രതിനിധികളായ ശ്രീ. ജോർജ്ജ് ഡാനിയൽ, എക്സിക്യൂട്ടീവ് എഞ്ചിനീയറും ശ്രീ. പ്രസീദ്. എൻ. എസ്., അസിസ്റ്റന്റ് എഞ്ചിനീയറും പങ്കെടുത്തിട്ടുണ്ട്.

(സി) 7-2-2015-ന ചേർന്ന് യോഗം നീണ്ട 10 (പത്ത്) ആഴ്ചകൾക്ക് ശേഷമാണ് ചേർന്നിട്ടുള്ളത്. കേരളം ഉന്നയിക്കുന്ന പല കാര്യങ്ങളിലും സമിതിയിൽ നിന്നും വ്യക്തമായ മറുപടി ലഭിക്കുന്നില്ല എന്ന് കേരള പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്.

(ഡി) മുല്ലപ്പെരിയാർ അണക്കെട്ടും പരിസരവും സംരക്ഷിത വനമേഖലയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഡാം സന്ദർശനത്തിനെത്തുന്നവർ വനംവകുപ്പ് നിർദ്ദേശിക്കുന്ന രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതായുണ്ട്. തമിഴ്നാടിന്റെ ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തുന്നതിന് വിസമ്മതം പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly